തവനൂർ ഗ്രാമപഞ്ചായത്ത്

(ഒരു ഐ.എസ്.ഒ 9001-2015 അംഗീകൃത പഞ്ചായത്ത്)

"നമ്മൾ നമുക്കായി"

14-ാം പഞ്ചവത്സര പദ്ധതി

ദുരന്തനിവാരണ പദ്ധതി രേഖ 2026 - 27

1. തവനൂർ
2. തവനൂർ സൗത്ത്
3. മുവ്വാങ്കര
4. കടകശ്ശേരി നോർത്ത്
5. കടകശ്ശേരി
6. വെള്ളാഞ്ചേരി സൗത്ത്
7. വെള്ളാഞ്ചേരി
8. മദിരശ്ശേരി
9. കൂടട
10. സൂക്ഷണപുരം വെസ്റ്റ്
11. സൂക്ഷണപുരം ഈസ്റ്റ്
12. കാഞ്ഞിരക്കുളം
13. കഷ്ടപരിഹാസ്
14. മറവഞ്ചേരി ഈസ്റ്റ്
15. മറവഞ്ചേരി
16. കല്ലൂർ
17. അയങ്കലം
18. അന്യപ്പള്ളംകുടം
19. അത്തളൂർ
20. മാത്തൂർ
21. മാട്ടം

2026-27 ദുരന്ത നിവാരണ പദ്ധതി

ആമുഖം



മാന്യരെ,

തവനൂർ ഗ്രാമപഞ്ചായത്തിന്റെ 2026-27 വാർഷിക പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കുകയാണ്. 2018-19 വർഷങ്ങളിൽ മലയാള മണ്ണിനേയും മനസ്സിനേയും പിടിച്ചു കുലുക്കി മഹാ പ്രളയം, 2020 - 21 വർഷങ്ങളിലുണ്ടായ കോവിഡ്19 മഹാമാരി എന്നിവ നൽകിയ പാഠങ്ങൾ ഉൾക്കൊണ്ട് കൊണ്ട് ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്ക് പ്രത്യേക പരിഗണന നൽകിയാണ് ഈ വർഷത്തെ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. നാലിൽ മൂന്ന് ഭാഗവും ഭാരതപ്പുഴയാൽ ചുറ്റപ്പെട്ടു കിടക്കുന്ന ഒരു ഗ്രാമപഞ്ചായത്താണ് തവനൂർ. അതു കൊണ്ട് തന്നെ 2018, 2019 വർഷങ്ങളിലുണ്ടായ പ്രളയം ഈ ഗ്രാമപഞ്ചായത്തിനെയും സാരമായി ബാധിക്കുകയുണ്ടായി. 2024 ലും ചെറിയതോതിൽ പ്രളയം പഞ്ചായത്തിനെ ബാധിക്കുകയും അതളൂർ മദ്രസ്സയിൽ ദുരിതാശ്വാസ ക്യാമ്പ് ആരംഭിക്കുകയും ചെയ്തിരുന്നു.

ഒരു ദുരന്തം അത് ഏതായാലും നേരിടുന്നതിന് പൊതുജന കൂട്ടായ്മക്ക് രൂപം നൽകിയും അതിനുവേണ്ടി പ്രത്യേക വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളും വികസന സെമിനാറും ഗ്രാമസഭാ യോഗങ്ങളും ചേർന്ന് രൂപപ്പെടുത്തിയ നിർദ്ദേശങ്ങൾ ഉൾക്കൊണ്ടു കൊണ്ടും ദുരന്ത പ്രവർത്തനങ്ങൾക്കും ആവശ്യമായ വകയിരുത്തലുകൾ നടത്തി കൊണ്ടുമാണ് ദുരന്ത നിവാരണ ആസൂത്രണ പദ്ധതി രേഖ തയ്യാറാക്കിയിട്ടുള്ളത്. ദുരന്ത നിവാരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് സർക്കാരിന്റെ നിർദ്ദേശങ്ങൾ ക്കനുസരിച്ച് ഏത് ദുരന്തങ്ങളേയും നേരിടുന്നതിന് നമുക്ക് ഒരുമിച്ച് നിൽക്കാം...

ഭരണസമിതിക്ക് വേണ്ടി

അബൂബക്കർ സിദ്ദിക് സി.വി.

പ്രസിഡണ്ട്, തവനൂർ ഗ്രാമപഞ്ചായത്ത്

ഭരണസമിതി അംഗങ്ങൾ



അബൂബക്കർ സിദ്ദിക് സി. വി.
പ്രസിഡണ്ട്
(വാർഡ് 8)



സുനിത സി.
വൈസ് പ്രസിഡണ്ട്
(വാർഡ് 19)



അബ്ദുൾ ജലീൽ പി.
സ്റ്റാന്റിംഗ്കമ്മിറ്റി ചെയർമാൻ
വികസനം (വാർഡ് 11)



ബിന്ദു കെ. വി.
സ്റ്റാന്റിംഗ്കമ്മിറ്റിചെയർപേഴ്സൺ
ക്ഷേമകാര്യം (വാർഡ് 17)



മുത്തു എം. കെ.
സ്റ്റാന്റിംഗ്കമ്മിറ്റി ചെയർമാൻ
ആരോഗ്യ- വിദ്യാഭ്യാസം
(വാർഡ് 5)



ശിവദാസ് ടി. വി.
മെമ്പർ (വാർഡ് 1)



സൗമ്യ സി.
മെമ്പർ (വാർഡ് 2)



ശ്രീനിവാസൻ പി. വി
മെമ്പർ (വാർഡ് 3)



അഷറഫ് അമ്മായത്ത്
മെമ്പർ (വാർഡ് 4)



മൈമൂന കെ. കെ.
മെമ്പർ (വാർഡ് 6)



മോഹൻദാസ് പി.
മെമ്പർ (വാർഡ് 7)



മുഹമ്മദ് ഷാഫി കെ. കെ.
മെമ്പർ (വാർഡ് 9)



ജിജിനി എ.
മെമ്പർ (വാർഡ് 10)



ദിവ്യ വാസുദേവ് എ.
മെമ്പർ (വാർഡ് 12)



ഫഹദ് കെ. പി.
മെമ്പർ (വാർഡ് 13)



സജിത എ. ടി.
മെമ്പർ (വാർഡ് 14)



ദീപ്തി വി.
മെമ്പർ (വാർഡ് 15)



പ്രേമലത എ. കെ.
മെമ്പർ (വാർഡ് 16)



വാസുദേവൻ എൻ. ടി.
മെമ്പർ (വാർഡ് 18)



റഫത്ത് കെ.
മെമ്പർ (വാർഡ് 20)



റഫീക്കത്ത് സി.
മെമ്പർ (വാർഡ് 21)



അബ്ദുൾ സലീം ടി.
സെക്രട്ടറി



വസീമ വേളേരി
ജില്ലാ പഞ്ചായത്ത് മെമ്പർ
(കുറ്റിപ്പുറം ഡിവിഷൻ)



മെഹറുന്നീസ കെ. പി.
ജില്ലാ പഞ്ചായത്ത് മെമ്പർ
(തവനൂർ ഡിവിഷൻ)



വിമൽ എ. പി.
ബ്ലോക്ക് മെമ്പർ
(തവനൂർ ഡിവിഷൻ)
വൈസ് പ്രസിഡണ്ട്
പൊന്നാനി ബ്ലോക്ക് പഞ്ചായത്ത്



പത്മജ ടി.
ബ്ലോക്ക് മെമ്പർ
(വെള്ളാഞ്ചേരി ഡിവിഷൻ)
ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി
ചെയർ പേഴ്സൺ
പൊന്നാനി ബ്ലോക്ക് പഞ്ചായത്ത്



നൗഫൽ പി. പി.
ബ്ലോക്ക് മെമ്പർ
(അതളൂർ ഡിവിഷൻ)



സൗമ്യ എം.
ബ്ലോക്ക് മെമ്പർ
(തൃക്കണാപുരം ഡിവിഷൻ)



അബ്ബുൽ ലത്തീഫ് കെ. കെ.
ഉപാധ്യക്ഷൻ
(ആസൂത്രണസമിതി)

ഉള്ളടക്കം

1. അദ്ധ്യായം 1 - തദ്ദേശ സ്വയംഭരണ സ്ഥാപനം പൊതു വിവരങ്ങൾ

2. അദ്ധ്യായം 2 - മുഖ്യമന്ത്രിയുടെ പ്രസ്താവന

3. അദ്ധ്യായം 3 - ദുരന്ത നിവാരണ പദ്ധതി ഉത്തരവ്

4. അദ്ധ്യായം 4 - ദുരന്തങ്ങളും ദുരന്ത സാധ്യതകളും വിശകലനം

5. അദ്ധ്യായം 5 - ദുരന്ത നിവാരണ പദ്ധതികളും പ്രവർത്തനങ്ങളും

6. അദ്ധ്യായം 6 - ദുരന്ത പ്രതികരണ പദ്ധതികൾ

7. അദ്ധ്യായം 7 - മുന്നൊരുക്കം, ലഘൂകരണം, സാമൂഹ്യ ശാക്തീകരണം

8. അദ്ധ്യായം 8 - ശേഷികളും വിഭവങ്ങളും

9. അദ്ധ്യായം 9 - പ്രധാന ഫോൺ നമ്പറുകൾ

10. അദ്ധ്യായം 10 - ഉപസംഹാരം

അദ്ധ്യായം 1
തദ്ദേശ സ്വയംഭരണ സ്ഥാപനം പൊതു വിവരങ്ങൾ

തവനൂർ ഗ്രാമപഞ്ചായത്ത് - പൊതു വിവരങ്ങൾ

ഗ്രാമപഞ്ചായത്ത്	: തവനൂർ
വില്ലേജ്	: തവനൂർ
ബ്ലോക്ക്	: പൊന്നാനി
താലൂക്ക്	: പൊന്നാനി
ജില്ല	: മലപ്പുറം
നിയമസഭാ മണ്ഡലം	: തവനൂർ
ലോകസഭാ മണ്ഡലം	: പൊന്നാനി

പഞ്ചായത്തിന്റെ അതിരുകൾ

വടക്ക്	: ഭാരതപ്പുഴ
പടിഞ്ഞാറ്	: ഭാരതപ്പുഴ
തെക്ക്	: കാലടി ഗ്രാമപഞ്ചായത്ത്
കിഴക്ക്	: ഭാരതപ്പുഴ

ജനസംഖ്യ

പുരുഷൻമാർ	: 18212
സ്ത്രീകൾ	: 16288
ആകെ	: 34500
വാർഡുകൾ	: 19
വിസ്തീർണ്ണം	: 22.50 ച.കി.മീ

ഭരണസമിതി അംഗങ്ങൾ

പ്രസിഡണ്ട്	:	ശ്രീ. അബൂബക്കർ സിദ്ദിക് സി.വി.
വൈസ് പ്രസിഡണ്ട്	:	ശ്രീമതി. സുനിത സി.
സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ വികസനം	:	ശ്രീ. അബ്ദുൾ ജലീൽ പി.
സ്റ്റാന്റിംഗ്കമ്മിറ്റി ചെയർപേഴ്സൺ ക്ഷേമകാര്യം	:	ശ്രീമതി. ബിന്ദു കെ.വി.
സ്റ്റാന്റിംഗ്കമ്മിറ്റി ചെയർമാൻ ആരോഗ്യം, വിദ്യാഭ്യാസം	:	ശ്രീ. മുത്തു എം.കെ.
	:	ശ്രീ. ശിവദാസ് ടി.വി. - മെമ്പർ
	:	ശ്രീമതി. സൗമ്യ സി. -മെമ്പർ
	:	ശ്രീ. ശ്രീനിവാസൻ പി.വി. - മെമ്പർ
	:	ശ്രീ. അഷറഫ് അമ്മായത്ത് - മെമ്പർ
	:	ശ്രീമതി. മൈമുന കെ.കെ. - മെമ്പർ
	:	ശ്രീ. മോഹൻദാസ് പി. - മെമ്പർ
	:	ശ്രീ. മുഹമ്മദ് ഷാഫി കെ.കെ. - മെമ്പർ
	:	ശ്രീമതി. ജിജിനി ഐ. - മെമ്പർ
	:	ശ്രീമതി. ദിവ്യ വാസുദേവ് എ. - മെമ്പർ
	:	ശ്രീ. ഫഹദ് കെ.പി. - മെമ്പർ
	:	ശ്രീമതി. സജിത എ.ടി. - മെമ്പർ
	:	ശ്രീമതി. ദീപ്തി വി. - മെമ്പർ
	:	ശ്രീമതി. പ്രേമലത എ.കെ. - മെമ്പർ
	:	ശ്രീ. വാസുദേവൻ എൻ.ടി. - മെമ്പർ
	:	ശ്രീമതി. റഹ്മത്ത് കെ. - മെമ്പർ
	:	ശ്രീമതി. റഫീക്കത്ത് സി. - മെമ്പർ
സെക്രട്ടറി	:	അബ്ദുൾ സലീം. ടി

അദ്ധ്യായം 2

മുഖ്യമന്ത്രിയുടെ പ്രസ്താവന

2018 ആഗസ്റ്റ് മാസത്തിലെ മഹാ പ്രളയത്തിൽ ഉലഞ്ഞു പോയ കേരളത്തെ മുമ്പ് ഉണ്ടായിരുന്നതിനേക്കാൾ മികവുറ്റതായി പുനർ നിർമ്മിക്കുക എന്ന സുപ്രധാന ദൗത്യമെന്ന നിലയിലായിരുന്നു റീബിൽഡ് കേരള ഇനീഷ്യേറ്റീവിന് സർക്കാർ രൂപം നൽകിയിരുന്നത്. പ്രളയാനന്തരം കേരളം ശ്രദ്ധ പതിപ്പിച്ചത് പുനർ നിർമ്മാണ പ്രവർത്തനങ്ങളിലായിരുന്നു. പ്രളയാനന്തര കേരള പുനർ നിർമ്മാണം ലക്ഷ്യമിട്ടുകൊണ്ട് നടപ്പിലാക്കുന്ന കേരള പുനർ നിർമ്മാണ വികസന പരിപാടി (Rebuild Kerala Development Programme - RKDP) ഭാവിയിൽ ഉണ്ടായേക്കാവുന്ന പ്രകൃതി ദുരന്തങ്ങളെ കൂടി അതിജീവിക്കാനാവുന്ന വിധം കരുത്തോടെ കേരളത്തെ പുനർ നിർമ്മിക്കുക എന്നതാണ്.

നിലനിൽക്കുന്ന രീതി ശാസ്ത്രത്തിൽ നിന്നുള്ള മാറ്റമാണ് പ്രളയം ഉൾപ്പടെയുള്ള പ്രകൃതി ദുരന്തങ്ങളെ മറികടക്കാനുള്ള മാർഗ്ഗമായി നാം വിലയിരുത്തുന്നത്. സംസ്ഥാനത്തെ എല്ലാ ജനങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ട് അവരുടെ അറിവും അനുഭവും ആശയങ്ങളും കൂടി ഉൾക്കൊണ്ട് കൊണ്ട് തികച്ചും ജനകീയവും പ്രായോഗികവുമായ രീതിയിൽ ഒരു ജനകീയ പങ്കാളിത്ത ക്യാമ്പെയിനാണ് ഇതിനായി ഉപയോഗപ്പെടുത്തുന്നത്. "നമ്മൾ നമുക്കായി" എന്ന് പേരിട്ടിരിക്കുന്ന ജനകീയ ആസൂത്രണ മാതൃകയിലുള്ളതാണ് ഈ ക്യാമ്പെയിൻ. എല്ലാ വിഭാഗം ജനങ്ങളുടെയും പങ്കാളിത്തം ഉറപ്പു വരുത്തിയ, ആശയങ്ങളും പദ്ധതികളും പ്രത്യേക ഗ്രാമസഭകളിലൂടെ ഉരുതിരിഞ്ഞ് പ്രത്യേക നിയമസഭാ സമ്മേളനത്തിൽ പര്യവസാനിക്കുന്ന വിധത്തിൽ വിവിധ തലങ്ങളിലായാണ് ക്യാമ്പെയിന്റെ പ്രവർത്തനം. "നമ്മൾ നമുക്കായി" എന്ന ഈ ക്യാമ്പെയിനിലൂടെ കേരളത്തെ നമുക്ക് പുനർ നിർമ്മിക്കാം, മുമ്പ് ഉള്ളതിനേക്കാൾ മഹത്തരമായി.

അദ്ധ്യായം 3
ദുരന്ത നിവാരണ പദ്ധതി ഉത്തരവ്

1. ഉത്തരവ് നമ്പർ : സ.ഉ(കൈ)നം-156/2019/ത.സ്വ.ഭ.വ തീയ്യതി 04.12.2019 തിരുവനന്തപുരം - തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്.

2. ഉത്തരവ് നമ്പർ : സ.ഉ(കൈ)നം-157/2019/ത.സ്വ.ഭ.വ തീയ്യതി 05.12.2019 തിരുവനന്തപുരം - തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്.

3. സംസ്ഥാന സർക്കാർ പുറത്തിറക്കിയ കാലവർഷ – തുലാ വർഷ ദുരന്ത പ്രതികരണ മാർഗ്ഗ രേഖ (ഓറഞ്ച് ബുക്ക് 2021 – പേജ് – 73)

അദ്ധ്യായം 4
ദുരന്തങ്ങളും ദുരന്ത സാധ്യതകളും വിശകലനം

നാലിൽ മൂന്ന് ഭാഗവും ഭാരതപ്പുഴ അതിരായി കിടക്കുന്ന ഒരു ഗ്രാമപഞ്ചായത്താണ് തവനൂർ. അതു കൊണ്ട് തന്നെ 2018,2019 വർഷങ്ങളിലുണ്ടായ പ്രളയം ഈ ഗ്രാമപഞ്ചായത്തിനെയും സാരമായി ബാധിക്കുകയുണ്ടായി. പ്രളയത്തിൽ തകർന്ന പശ്ചാത്തല മേഖലയുടെ വികസനത്തിനും ഇനി ഒരു ദുരന്തം നേരിടുന്നതിന് പൊതുജന കൂട്ടായ്മക്ക് രൂപം നൽകിയും അതിനായി പ്രത്യേക വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളും വികസന സെമിനാറും ഗ്രാമസഭാ യോഗങ്ങളും ചേർന്ന് രൂപപ്പെടുത്തിയ നിർദ്ദേശങ്ങൾ ഉൾക്കൊണ്ടു കൊണ്ടും ദുരന്ത പ്രവർത്തനങ്ങൾക്കും ആവശ്യമായ വകയിരുത്തലുകൾ നടത്തി കൊണ്ടുമാണ് ദുരന്ത നിവാരണ ആസൂത്രണ പദ്ധതി തയ്യാറാക്കിയിട്ടുള്ളത്.

2018, 2019 വർഷങ്ങളിലുണ്ടായ പ്രളയം ഈ ഗ്രാമപഞ്ചായത്തിനെ സാരമായി ബാധിച്ചു. മൊത്തം 19 വാർഡുകളിൽ 16 വാർഡുകളിലും പ്രളയം വലിയ നാശനഷ്ടങ്ങളുണ്ടാക്കി. 2018 ൽ മൂന്ന് ദുരിതാശ്വാസ ക്യാമ്പുകളും 2019 ൽ 2 ദുരിതാശ്വാസ ക്യാമ്പുകളും പ്രവർത്തിച്ചിരുന്നു. പഞ്ചായത്ത് അവസരോചിതമായ ഇടപെടലുകൾ ഇക്കാലങ്ങളിൽ നടത്തുകയുണ്ടായി ഒരു പുഴയോര ഗ്രാമപഞ്ചായത്തായതിനാൽ വർഷക്കാലത്ത് വെള്ളപ്പൊക്കവുമായി ബന്ധപ്പെട്ട ദുരന്ത സാധ്യതകളാണ് തവനൂർ ഗ്രാമപഞ്ചായത്ത് നേരിടുന്നത്. കൂടാതെ വേനൽക്കാലത്ത് കുടിവെള്ള ലഭ്യതയും ഒരു വെല്ലുവിളിയാണ്. എന്നാൽ ജല ജീവൻ മിഷൻ പ്രവർത്തനത്തിലൂടെ കുടിവെള്ള പ്രശ്നത്തിന് ഒരു പരിധി വരെ പരിഹാരം കാണുന്നതിന് 2022 വർഷത്തിൽ സാധിച്ചിട്ടുണ്ട്. 2020, 2021 വർഷങ്ങളിൽ ലോക ജനതയുടെ ജീവിത താളം തെറ്റിച്ച കോവിഡ് 19 മഹാമാരി ഒരു വലിയ ദുരന്തമാണ് നമ്മുടെ നാടിനു സമ്മാനിച്ചത്. ഒരു ജനത മുഴിവൻ പകച്ചു നിന്ന ആ നിമിഷങ്ങൾ നമുക്ക് മറക്കാനാവുന്നതല്ല. ഈ ദുരന്തത്തിൽ നിന്നും നമുക്ക് കരകയറുന്നതിന് ഇനിയും കാലങ്ങളെടുക്കും.അതുകൊണ്ട് തന്നെ ഇത്തരത്തിലുള്ള ദുരന്ത സാധ്യതകൾ മുൻകൂട്ടി കണ്ടു കൊണ്ടുള്ള ദുരന്ത നിവാരണ പദ്ധതികളാണ് 2025-26 വർഷത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

അദ്ധ്യായം 5

ദുരന്ത നിവാരണ പദ്ധതികളും പ്രവർത്തനങ്ങളും

പഞ്ചായത്തിലെ ദുരന്തനിവാരണ പ്രവർത്തനങ്ങൾക്ക് പഞ്ചായത്ത് തലത്തിൽ ലോക്കൽ റിസോഴ്സ് ഗ്രൂപ്പ് അംഗങ്ങളെ താഴെ പറയും വിധം തെരഞ്ഞെടുത്തിട്ടുണ്ട്

ലോക്കൽ റിസോഴ്സ് ഗ്രൂപ്പ് അംഗങ്ങൾ.

1.	പ്രശാന്ത്	-	7907 001 272
2.	നവ്യ	-	8590 939 240
3.	കൃഷ്ണദാസ് എൻ. കെ	-	9895 227 709
4.	കുട്ടൻ വി.പി	-	8113 986 480
5.	നിസാമുദ്ദീൻ തങ്ങൾ	-	7907 557 996
6.	റിയാസ് അമ്മായത്ത്	-	9946 525 053
7.	റാഫി അമ്മായത്ത്		
8.	സെബീൽ അമ്മായത്ത്		
9.	റഷീദ് കരിങ്കപ്പാറ	-	7034 732 967
10.	ഹുസൈൻ കരിങ്കപ്പാറ	-	9946 660 995
11.	ഗോകുൽ പ്രസാദ് വി. പി	-	8136 839 443
12.	സൂരജ് കെ.പി	-	9633 852 883
13.	അനന്തു ആറുകണ്ടത്തിൽ	-	7994 776 496
14.	സുഭാഷ് കെ. പി	-	9048 929 774
15.	റഫീക്ക് എം. പി	-	9061 555 306
16.	സിജിൽ സി.പി.	-	7356 403 826
17.	ഷെരീഫ്	-	9846 405 123
18.	ഫൈസൽ	-	8111 822 965
19.	ഗഫൂർ ഐ.	-	8086 180 529
20.	വിനോദ് മാമ്പറ്റ	-	9446 154 672
21.	നിസാർ പി.	-	9846 203 202
22.	മുനീർ ടി.	-	9037 406 276
23.	അൻവർ പി.	-	8086 411 919
24.	മുഹമ്മദ് റാഫി സി.	-	9539 216 450

ദുരന്ത നിവാരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഓരോ വാർഡിൽ നിന്നും 8 പേർ വീതമുള്ള Emergency Response Team രൂപീകരിച്ചിട്ടുണ്ട്.

ദുരന്ത നിവാരണത്തിന് വേണ്ടി പ്രത്യേക വർക്കിംഗ് ഗ്രൂപ്പ് താഴെ പറയും വിധം സെക്രട്ടറി കൺവീനറായും പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനുമായും രൂപീകരിച്ചിട്ടുണ്ട്.

അദ്ധ്യായം 6

ദുരന്ത പ്രതികരണ പദ്ധതികൾ

ദുരന്ത നിവാരണവുമായി ബന്ധപ്പെട്ട് നടന്ന വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളുടെയും ഗ്രാമസഭാ യോഗങ്ങളുടെയും വികസന സെമിനാറിന്റെയും ഭരണ സമിതി യോഗത്തിന്റെയും നിർദ്ദേശങ്ങളുടെയും തീരുമാനങ്ങളുടെയും അടിസ്ഥാനത്തിൽ താഴെ പറയുന്ന ദുരന്ത നിവാരണ പദ്ധതികൾ 2024-25 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1. ദുരന്ത നിവാരണത്തിന് യുവതീയുവാക്കൾക്ക് പരിശീലനം
2. യുവതീ യുവാക്കൾക്കും കുട്ടികൾക്കും നീന്തൽ പരിശീലനം
3. ദുരന്ത നിവാരണ മുന്നൊരുക്ക പ്രവർത്തനങ്ങൾ - **RRT, ERT** എന്നിവരുടെ യോഗം വിളിക്കൽ അവർക്ക് മാർഗ്ഗനിർദ്ദേശങ്ങൾ നൽകൽ
4. ദുരന്തനിവാരണത്തിന് ആവശ്യമായ ഉപകരണങ്ങൾ വാങ്ങൽ
5. ദുരിതാശ്വാസ ക്യാമ്പ് പ്രവർത്തനങ്ങൾ
6. പ്രളയാന്തര പ്രവർത്തനങ്ങൾക്ക് ആവശ്യമായ സാധന സാമഗ്രികൾ വാങ്ങൽ
7. അതിജീവനം ക്യാൻസർ രോഗ നിർണ്ണയ പരിശോധന ക്യാമ്പ്
8. പഞ്ചായത്തിൽ നാട്ടു ചന്ത
9. സുഭിക്ഷ കേരളം പ്രദർശന മാതൃക കൃഷിത്തോട്ടം
10. അയങ്കലം കായൽ കൃഷിക്കാവശ്യമായ വൈദ്യുതി എത്തിക്കൽ

അദ്ധ്യായം 7

മുന്നൊരുക്കം, ലഘൂകരണം,സാമൂഹ്യ ശാക്തീകരണം

2018, 2019 വർഷങ്ങളിലുണ്ടായ പ്രളയം ഈ ഗ്രാമപഞ്ചായത്തിനെ സാരമായി ബാധിച്ചു. മൊത്തം 19 വാർഡുകളിൽ 16 വാർഡുകളിലും പ്രളയം വലിയ നാശനഷ്ടങ്ങളുണ്ടാക്കി. 2018 ൽ മൂന്ന് ദുരിതാശ്വാസ ക്യാമ്പുകളും 2019 ൽ 2 ദുരിതാശ്വാസ ക്യാമ്പുകളും പ്രവർത്തിച്ചിരുന്നു. 2022 വർഷത്തിൽ ദുരിതാശ്വാസ ക്യാമ്പുകളായി കണ്ടെത്തിയിരിക്കുന്നത് അതളൂർ മദ്രസ്സ (വാർഡ് 19),ജി എൽ പി എസ് തൃക്കണാപുരം (വാർഡ് 16) , കെ സി എ ഇ ടി, തവനൂർ (വാർഡ് 3), ജി യു പി എസ്, തവനൂർ (വാർഡ് 3) എന്നിവിടങ്ങളാണ്. ഇനിയൊരു ദുരന്തം ഒഴിവാക്കുന്നതിന് കേരള സർക്കാരിന്റെ 2 പ്രധാന സർക്കുലറിലെ നിർദ്ദേശങ്ങൾക്കനുസരിച്ചും സംസ്ഥാന സർക്കാർ പുറത്തിറക്കിയ കാലവർഷ – തുലാ വർഷ ദുരന്ത പ്രതികരണ മാർഗ്ഗ രേഖ (ഓറഞ്ച് ബുക്ക് 2021 – പേജ് – 73),എന്നിവ പ്രകാരം മുന്നൊരുക്കം നടത്തിയിട്ടുണ്ട്. കൂടാതെ 2020,2021 വർഷത്തിൽ കോവിഡ് 19 മഹാ മാരി നൽകിയ പാഠങ്ങൾ ഉൾകൊണ്ട് കൊണ്ട് വലിയ മുന്നൊരുക്ക പ്രവർത്തങ്ങൾ നാം നടത്തേണ്ടതുണ്ട്.

മുന്നൊരുക്ക പ്രവർത്തനങ്ങൾ

- പ്രത്യേക ഗ്രാമസഭാ യോഗങ്ങൾ
- പ്രത്യേക വികസന സെമിനാർ
- ദുരന്ത നിവാരണ ട്രെയിനിംഗ്
- പഞ്ചായത്ത് തലത്തിൽ LRG രൂപീകരണം
- വാർഡ് തലത്തിൽ ERT രൂപീകരണം
- ദുരന്ത നിവാരണ ആസൂത്രണ പദ്ധതികളുടെ രൂപീകരണം
- ദുരന്ത നിവാരണ പഞ്ചായത്ത് തല സമിതി രൂപീകരണം(ജീവനക്കാരും ജനപ്രതിനിധികളും ഉൾപ്പെടുന്ന പ്രത്യേക സമിതി)

ജൂൺ മാസത്തിലെ കാലവർഷത്തോടെ ആരംഭിക്കുന്ന മഴ ജൂലൈ മാസത്തിൽ അതിശക്തമാവുകയും ആഗസ്റ്റ് മാസം ആദ്യവാരത്തിൽ തന്നെ പ്രളയമായി മാറുകയുമാണ് കഴിഞ്ഞ 2 വർഷങ്ങളിലും(2018,2019) സംഭവിച്ചത്. എന്നാൽ 2022ൽ തെക്ക് പടിഞ്ഞാറൻ കാലവർഷം മെയ് രണ്ടാം വാരത്തോടുകൂടി ആരംഭിക്കാൻ സാധ്യത ഉണ്ട്. അതിനെ നേരിടുന്നതിനും ദുരന്ത തീവ്രത കുറക്കുന്നതിനും പൊതു ജനങ്ങൾക്ക് ആശ്വാസം പകരുന്നതിനും പഞ്ചായത്ത് തയ്യാറെടുപ്പുകൾ നടത്തിയിട്ടുണ്ട്. 2020, 2021 വർഷങ്ങളിൽ പേമാരി ദുരന്തത്തിൽ നിന്നും ചെറിയാരു ആശ്വാസം നമുക്ക് ഉണ്ടായെങ്കിലും ഇനിയും നാം തുടരണം – വലിയ ജാഗ്രത.

അദ്ധ്യായം 8

ശേഷികളും വിഭവങ്ങളും

ബഹു.കേരള സർക്കാർ നിർദ്ദേശമനുസരിച്ച് "നമ്മൾ നമുക്കായി" എന്ന പദ്ധതി പ്രകാരം ആവിഷ്കരിച്ച മുന്നൊരുക്കമാണ് ഇനിയൊരു ദുരന്തം നേരിടാനുള്ള പ്രധാന ആയുധം. കൂടാതെ സംസ്ഥാന സർക്കാർ പുറത്തിറക്കിയ കാലവർഷ – തുലാ വർഷ ദുരന്ത പ്രതികരണ മാർഗ്ഗ രേഖ (ഓറഞ്ച് ബുക്ക് 2021 – പേജ് – 73) പ്രകാരമുള്ള മുന്നൊരുക്ക പ്രവർത്തനങ്ങളും നടത്തേണ്ടതുണ്ട്. പഞ്ചായത്ത് ഭരണസമിതിയുടെ നേതൃത്വത്തിൽ മറ്റു സർക്കാർ സംവിധാനങ്ങളുടെ ഏകോപനത്തോടെയുള്ള പ്രവർത്തനം, സന്നദ്ധ സംഘടനകൾ, കുടുംബശ്രീ, എം.ജി.എൻ.ആർ.ഇ.ജി.എസ്, പൊതുജനങ്ങൾ എന്നിങ്ങനെ എല്ലാവരുടെയും പങ്കാളിത്തം ഉറപ്പു വരുത്തി നടത്തിയ തയ്യാറെടുപ്പുകൾ എന്നിവ ദുരന്തം നേരിടുന്നതിനുള്ള പ്രധാന ശേഷികളാണ്. പഞ്ചായത്തിലെ ഒരു ഉദ്യോഗസ്ഥനെ ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്കുള്ള നോഡൽ ഓഫീസർ ആയും ചുമതലപ്പെടുത്തിയിട്ടുണ്ട്. 2022-23 വാർഷിക പദ്ധതിയിൽ ദുരന്ത നിവാരണ പദ്ധതികൾക്കായി വകയിരുത്തിയ തുകയും, പ്രത്യേക സാഹചര്യത്തിൽ ബഹു.കേരള സർക്കാർ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് ഉപയോഗപ്പെടുത്താവുന്ന ഫണ്ടും, പഞ്ചായത്തിന്റെ തനത് ഫണ്ടും, സന്നദ്ധ പ്രവർത്തനത്തിന്റെ ഭാഗമായി ലഭിക്കുന്ന സംഭാവനയും പ്രധാന വിഭവ സ്രോതസ്സുകളാണ്.

വാർഡ്തലത്തിൽ ശേഖരിക്കേണ്ട അനുബന്ധ വിവരങ്ങൾ

ഏതൊരു ദുരന്തങ്ങളേയും നേരിടുന്നതിന് അതാത് വാർഡ് തലങ്ങളിൽ സന്നദ്ധസേനകൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ ഓരോ വാർഡുകളിലും ആരംഭിക്കേണ്ട ദുരിതാശ്വാസ ക്യാമ്പുകളുടെ ലിസ്റ്റും തയ്യാറാക്കിയിട്ടുണ്ട്. അതാത് വാർഡ് മെമ്പർമാരുടേയും രാഷ്ട്രീയ സാമൂഹ്യ സന്നദ്ധ പ്രവർത്തകരുടേയും നേതൃത്വത്തിലാണ് ദുരന്ത നിവാരണ പ്രവർത്തനങ്ങൾ നടന്നു വരുന്നത്.

നിർദ്ദിഷ്ട ക്യാമ്പുകളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

ക്യാമ്പിന്റെ പേര്
കെ.എം.ജി.യു.പി.എസ്.
എം.എ.എം.യു.പി.എസ്.
കെ.എം.ജി.വി.എച്ച്.എസ്.എസ്. തവനൂർ
ഐഡിയൽ സ്കൂൾ
ഐഡിയൽ സ്കൂൾ
ജി.യു.പി.എസ്. വെളളാഞ്ചേരി
ജി.യു.പി.എസ്. വെളളാഞ്ചേരി
കൂരട മദ്രസ്സ
എം.ഇ.എസ്. എഞ്ചിനീയറിംഗ് കോളേജ്
എ.എൽ.പി.എസ്. തൃക്കണാപുരം
എ.എൽ.പി.എസ്. തൃക്കണാപുരം
ജി.എൽ.പി.എസ്. മറവഞ്ചേരി
ജി.എൽ.പി.എസ്. മറവഞ്ചേരി
എ.എൽ.പി.എസ്. കടകശ്ശേരി
എ.എൽ.പി.എസ്. കടകശ്ശേരി
ജി..എൽ.പി.എസ്. തൃക്കണാപുരം
ജി..എൽ.പി.എസ്. തൃക്കണാപുരം
എ.എൽ.പി.എസ്. അതളൂർ
എൻ.എസ്.എസ്. സ്കൂൾ അതളൂർ

ദുരന്ത നിവാരണവുമായി ബന്ധപ്പെട്ട് **2025 - 26** വർഷത്തിൽ പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ വെച്ച് ഏകദിന പരിശീലനം നടന്നു.

പരിശീലനത്തിൽ വാർഡ് മെമ്പർമാരും നിർവ്വഹണ ഉദ്യോഗസ്ഥരും വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളും, കുടുംബശ്രീ, അംഗനവാടി, തൊഴിലുറപ്പ് പദ്ധതി പ്രവർത്തകർ, സന്നദ്ധ പ്രവർത്തകർ തുടങ്ങി നിരവധി പേർ പങ്കെടുത്തിരുന്നു. പഞ്ചായത്തിൽ ദുരന്ത നിവാരണത്തിന് താഴെ പറയുന്ന പദ്ധതികൾ ഉൾപ്പെടുത്തണമെന്ന് നിർദ്ദേശങ്ങൾ മുന്നോട്ട് വെക്കുകയും ചെയ്തു.

1. യുവതീ-യുവാക്കൾക്ക് ദുരന്ത നിവാരണത്തിന് പരിശീലനം
2. ദുരന്ത നിവാരണത്തിന് ഉപകരണങ്ങളും സാമഗ്രികളും വാങ്ങൽ
3. ദുരന്ത ബാധിത കുടുംബങ്ങൾക്ക് അടിയന്തിര ധനസഹായം നൽകൽ
4. ജൈവ വൈവിധ്യ സംരക്ഷണം
5. വൃക്ഷതൈകൾ വെച്ചു പിടിപ്പിക്കൽ
6. തോടുകളുടെ സംരക്ഷണം

അദ്ധ്യായം 9

2025-30 വർഷത്തെ ഭരണസമിതി അംഗങ്ങളുടെ വിവരം			
വാർഡ്	പേര്	മെമ്പറുടെ പേര്	ഫോൺ നമ്പർ
1	തവന്നൂർ	ശിവദാസ് ടി വി	9447924607
2	തവന്നൂർ സൗത്ത്	സൗമ്യ സി	9020691513
3	മൂവ്വാങ്കര	ശ്രീനിവാസൻ പി വി	9745934523
4	കടകശ്ശേരി നോർത്ത്	അഷറഫ് അമ്മായത്ത്	9447444728
5	കടകശ്ശേരി	മുഹ്സ എം.കെ	8592971591
6	വെള്ളാഞ്ചേരി സൗത്ത്	മൈമുന കെ കെ	7736231962
7	വെള്ളാഞ്ചേരി	മോഹൻദാസ് പി	9447301516
8	മദിരശ്ശേരി	അബൂബക്കർ സിദ്ധീഖ് സി വി	9539813041
9	കുരട	മുഹമ്മദ് ഷാഫി കെ കെ	9746340466
10	തൃക്കണാപുരം വെസ്റ്റ്	ജിജിനി ഐ	9605204015
11	തൃക്കണാപുരം ഈസ്റ്റ്	അബ്ദുൾ ജലീൽ പി	9747361398
12	കാഞ്ഞിരക്കുറ്റി	ദിവ്യ വാസുദേവ് .എ	8129332593
13	കച്ചേരിപറമ്പ്	ഫഹദ് കെ പി	9048540992
14	മറവഞ്ചേരി ഈസ്റ്റ്	സജിത എ ടി	9846637224
15	മറവഞ്ചേരി	ദീപ്തി വി	8943981730
16	കല്ലൂർ	പ്രേമലത എ കെ	9846152476
17	അയങ്കലം	ബിന്ദു കെ വി	9745961951
18	അന്ത്യാളംകുടം	വാസുദേവൻ എൻ ടി	9048782358
19	അതളൂർ	സുനിത സി	9567154749
20	മാത്തൂർ	റഹ്മത്ത് കെ	8086725252
21	മാട്ടം	റഫീക്കത്ത് സി	9747253039

തവന്നൂർ ഗ്രാമപഞ്ചായത്ത്				
2025 ലെ നിയോജകമണ്ഡലത്തിന്റെ വിവരം ബ്ലോക്ക്പഞ്ചായത്ത്				
നമ്പർ	പേര്	വാർഡുകൾ	മെമ്പറുടെ പേര്	ഫോൺ നമ്പർ
1	തവന്നൂർ	1,2,3,4,5,21	വിമൽ എ പി	7559004202
2	വെള്ളാഞ്ചേരി	6,7,8,9,10	പത്മജ	8714434050
3	തൃക്കണാപുരം	11,12,13,14	സൗമ്യ.എം	9746351181
4	അതളൂർ	15,16,17,18,19,20	നൗഫൽ	9846221180

തവന്നൂർ ഗ്രാമപഞ്ചായത്ത്				
2025 ലെ നിയോജകമണ്ഡലത്തിന്റെ വിവരം ജില്ലാപഞ്ചായത്ത്				
നമ്പർ	പേര്	വാർഡുകൾ	മെമ്പറുടെ പേര്	ഫോൺ നമ്പർ
1	തവന്നൂർ	1,2,3,4,5,15,16,17,18,19,20,21	മെഹറുന്നീസ കെ പി	7025390304
2	കുറ്റിപ്പുറം	6,7,8,9,10,11,12,13,14	വസീമ വേളേരി	9048142243

പ്രധാന ഓഫീസുകളുടെ ഫോൺ നമ്പർ

1. പഞ്ചായത്ത് ഓഫീസ് - 0494 2686249
2. വില്ലേജ് ഓഫീസ് - 0494 2687300
3. കൃഷി ഓഫീസ് - 0494 2686010
4. മൃഗസംരക്ഷണ ഓഫീസ് - 9447 336 169
5. പോലീസ് സ്റ്റേഷൻ - 0494 2608250
6. ബ്ലോക്ക് ഓഫീസ് - 0494 2680271
7. കെ.എസ്.ഇ.ബി ഓഫീസ് തവനൂർ - 0494 2686270
8. കെ.എസ്.ഇ.ബി ഓഫീസ് കണ്ടനകം - 0494 2698050
9. കളക്ട്രേറ്റ് മലപ്പുറം - 0483 2734882
10. ഫയർ & റസ്ക്യൂ ഓഫീസ് പൊന്നാനി - 0494 2666002
11. ജില്ലാ പഞ്ചായത്ത് - 0483 2734933
12. താലൂക്ക് ഓഫീസ് പൊന്നാനി - 0494 2687599
13. ആർ.ഡി.ഒ തിരൂർ - 0494 2421200
14. സി.എച്ച്.സി തൃക്കണാപുരം - 0494 2687505

പണവിനിമയ സ്ഥാപനങ്ങൾ

1. എസ്.ബി.ടി കുറ്റിപ്പുറം - 0494 2608343
2. പി.എൻ.ബി കുറ്റിപ്പുറം - 0494 2607600
3. ഫെഡറൽ ബാങ്ക് കുറ്റിപ്പുറം - 0494 2686222
4. തവനൂർ കോ-ഓപ്പറേറ്റീവ് സർവ്വീസ് ബാങ്ക്, അയങ്കലം - 0494 2686248

ആംബുലൻസ് സർവീസ് – 9961602150 (ഹരിദാസൻ)

മരം വെട്ടുക്കാരന്റെ നമ്പർ - 9995876069 (മണികണ്ഠൻ)

അദ്ധ്യായം 10

ഉപസംഹാരം

ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിന് പൊതു ജനങ്ങളെ സന്നദ്ധരാക്കുന്നതിനും ഏതു പ്രതിസന്ധിയിലും ഗ്രാമപഞ്ചായത്ത് കൂടെയുണ്ട് എന്ന് അവരെ ബോധ്യപ്പെടുത്തുന്നതിനും "നമ്മൾ നമുക്കായി" എന്ന പ്രത്യേക പദ്ധതിയിലൂടെ പഞ്ചായത്തിന് സാധിച്ചിട്ടുണ്ട്. 2018, 2019 വർഷങ്ങളിലുണ്ടായ പ്രളയാനുഭവങ്ങൾ പാഠങ്ങളാക്കി സർക്കാരിന്റെ നിർദ്ദേശങ്ങൾക്കനുസരിച്ച് ദുരന്ത നിവാരണ പദ്ധതികൾ 2020-21 വാർഷിക പദ്ധതി മുതൽ തയാറാക്കി വരുന്നു. 2022-23 വർഷത്തിലും ദുരന്തനിവാരണ പദ്ധതികൾ വാർഷിക പദ്ധതിയുടെ ഭാഗമാക്കിയിട്ടുണ്ട്. 2020, 2021 വർഷങ്ങളിൽ ലോക ജനതയെ ഭീതിയിലാക്കിയ കോവിഡ്19 മഹാമാരി ദുരന്തനിവാരണ പ്രവർത്തനങ്ങളിൽ പുതിയ തലങ്ങൾ സൃഷ്ടിക്കുകയുണ്ടായി. കൂടാതെ കാലാവസ്ഥ വ്യതിയാനം മൂലമുള്ള ചുഴലിക്കാറ്റ് 2021-2022 വർഷങ്ങളിൽ നമ്മുടെ നാടിനെ ബാധിച്ചു തുടങ്ങിയിട്ടുണ്ട്. ഇനിയൊരു ദുരന്തം നമ്മുടെ നാട്ടിലുണ്ടാകാതിരിക്കട്ടെ.... അഥവാ വീണ്ടും പരീക്ഷണങ്ങളുണ്ടാവുകയാണെങ്കിൽ അതിനെ നേരിടാനുള്ള കരുത്ത് നമുക്ക് ഉണ്ടെന്നും അതിന് ആവശ്യമായ മുന്നൊരുക്കങ്ങൾ നടത്തിയിട്ടുണ്ടെന്നും നമുക്ക് ആശ്വസിക്കാം. സർക്കാർ സംവിധാനത്തിന്റെ ഭാഗമായുള്ള വിവിധ വകുപ്പുകളുടെ ഏകോപനത്തോട് കൂടിയ പ്രവർത്തനം ഏപ്രിൽ മെയ് മാസങ്ങളിലായി ആരംഭിക്കുകയും കൃത്യമായ തയ്യാറെടുപ്പുകൾ നടത്തുന്നതും ദുരന്ത ലഘൂകരണ പ്രവർത്തങ്ങളെ കാര്യക്ഷമമാക്കും.സർക്കാർ സംവിധാനവും പൊതു ജനങ്ങളും നാളിതുവരെ നടത്തിയ ഒത്തൊരുമയോട് കൂടിയ പ്രവർത്തനങ്ങൾ വരും വർഷങ്ങളിലും തുടരട്ടെ.....